ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 01.10.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ജമ്മു-കശ്മീർ നിയമസഭാ തിരഞ്ഞെടുപ്പിലെ മൂന്നാമത്തേയും അവസാനത്തേയും ഘട്ട വോട്ടെടുപ്പ് ആരംഭിച്ചു.
   The third and final phase of assembly elections in Jammu and Kashmir begins.

2. പശ്ചിമേഷ്യയിലെ സമീപകാല സംഭവ വികാസങ്ങളെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇസ്രായേൽ പ്രധാനമന്ത്രിയുമായി ചർച്ച നടത്തി.
   Prime Minister Narendra Modi discussed recent developments in West Asia with the Prime Minister of Israel.

3. ഗാന്ധിജയന്തി ദിനമായ നാളെ സ്വച്ഛ് ഭാരത് ദിവസ് 2024 പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി 9,600 കോടിയിലധികം രൂപയുടെ ശുചിത്വ പദ്ധതികളുടെ ഉദ്ഘാടനം നിർവ്വഹിക്കും.
   Prime Minister Narendra Modi will inaugurate several sanitation and cleanliness projects worth over Rs 9,600 crore on Swachh Bharat Divas 2024 tomorrow, on the occasion of Gandhi Jayanthi.

4. അതീവ ഗുരുതരാവസ്ഥയിൽ കഴിയുന്ന രോഗികളുടെ ജീവൻരക്ഷാ സംവിധാനങ്ങൾ ഒഴിവാക്കുന്നത് സംബന്ധിച്ച കരട് മാർഗ്ഗനിർദേശങ്ങൾ കേന്ദ്ര ആരോഗ്യ മന്ത്രാലയം പുറത്തുവിട്ടു.
   The Union Ministry of Health has issued draft guidelines outlining conditions for the withdrawal of life support in terminally ill patients.

5. **ഇന്ത്യയുടെ ആദ്യ സൂപ്പർ കപ്പാസിറ്റർ കേന്ദ്രം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കണ്ണൂരിൽ ഉദ്ഘാടനം ചെയ്യും.**

   **Chief Minister of Kerala Pinarayi Vijayan will inaugurate India's first super capacitor manufacturing facility center in Kannur today.**

6. **ഇന്ന് അന്താരാഷ്ട്ര വയോജനദിനം. രാജ്യത്തുടനീളം വിവിധ പരിപാടികൾ.**

   **Today is International Day of Older Persons. Various programs will be held across the country.**

**==================================**

**PRESIDENT – CONVOCATION**

രാജ്യത്തെ ആരോഗ്യരക്ഷാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ തുടർച്ചയായ ശ്രമങ്ങളാണ് കേന്ദ്ര സർക്കാർ നടത്തുന്നതെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ, ഡോ. രാം മനോഹർ ലോഹ്യ ആശുപത്രിയുടെ അടൽ ബിഹാരി വാജ്പേയി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ പത്താമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. രോഗികളുടെ ജീവൻ രക്ഷിക്കാൻ ഡോക്ടർമാർ എല്ലാ ശ്രമങ്ങളും നടത്തുന്നുവെന്ന് എല്ലാവരും മനസ്സിലാക്കണമെന്ന് ഡോക്ടർമാരോട് മോശമായി പെരുമാറിയ സംഭവത്തെ പരാമർശിച്ചുകൊണ്ട് രാഷ്ട്രപതി പറഞ്ഞു. എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ ഉണ്ടായാൽ ഡോക്ടർമാരോടും ആശുപത്രി ജീവനക്കാരോടും മോശമായി പെരുമാറരുതെന്നും രാഷ്ട്രപതി ജനങ്ങളോട് അഭ്യർത്ഥിച്ചു. കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി നഡ്ഡയും ചടങ്ങിൽ സംബന്ധിച്ചു.

**==================================**

**J&K - 3RD PHASE VOTING**

ജമ്മു-കശ്മീർ നിയമസഭാ തിരഞ്ഞെടുപ്പിലെ മൂന്നാമത്തേയും അവസാനത്തേയും ഘട്ട വോട്ടെടുപ്പ് ആരംഭിച്ചു. ഏഴു ജില്ലകളിലെ 40 നിയമസഭാ മണ്ഡലങ്ങളിലാണ് ഇന്ന് പോളിംഗ്. സുഗമവും സമാധാനപരവുമായ വോട്ടെടുപ്പിനായ് വിപുലമായ സുരക്ഷാ

ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. രാവിലെ 7 മണിക്ക് ആരംഭിച്ച വോട്ടെടുപ്പ് വൈകിട്ട് 6 മണി വരെ തുടരും. 5,060 പോളിംഗ് ബൂത്തുകളിലും തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്കുമായി 20,000 ത്തിലേറെ ഉദ്യോഗസ്ഥരെയാണ് വിന്യസിച്ചിരിക്കുന്നത്.

512 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. 39 ലക്ഷത്തിലധികം ജനങ്ങളാണ് സമ്മതിദാന അവകാശം വിനിയോഗിക്കുന്നത്. നിയമസഭാ തിരഞ്ഞെടുപ്പിലെ മൂന്ന് ഘട്ടങ്ങളിലേക്കുമുള്ള വോട്ടെണ്ണൽ ഈ മാസം എട്ടിന് നടക്കും.

====================================

**HARYANA - CAMPAIGNING**

ഹരിയാന നിയമസഭ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി തുടരുന്നു. 90 നിയമസഭ സീറ്റുകളിലേക്ക് ഈ മാസം 5 നാണ് വോട്ടെടുപ്പ്. വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രമുഖ നേതാക്കൾ തിരഞ്ഞടുപ്പ് റാലികളിലും റോഡ് ഷോയിലും സജീവമാണ്.

ഫരീദാബാദിൽ ഇന്ന് നടക്കുന്ന തിരഞ്ഞെടുപ്പ് യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. മുതിർന്ന ബി ജെ പി നേതാവും ഉത്തരാഖണ്ഡ് മുഖ്യമന്ത്രിയുമായ പുഷ്കർ സിങ് ധാമിയും ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥും വിവിധ തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുത്തു. കോൺഗ്രസിനായ് മുതിർന്ന നേതാക്കളായ രാഹുൽ ഗാന്ധിയും പ്രിയങ്ക ഗാന്ധിയും പ്രചാരണത്തിനിറങ്ങി.

====================================

**PM MODI - ISRAEL PM**

പശ്ചിമേഷ്യയിലെ സമീപകാല സംഭവവികാസങ്ങളെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇസ്രായേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവുമായി ചർച്ച നടത്തി. ചർച്ചയുടെ വിശദാംശങ്ങൾ അദ്ദേഹം സമൂഹ മാധ്യമമായ എക്സിൽ കുറിച്ചു. തീവ്രവാദത്തിന് നമ്മുടെ ലോകത്ത് സ്ഥാനമില്ലെന്ന് വ്യക്തമാക്കിയ ശ്രീ നരേന്ദ്ര മോദി പ്രാദേശിക സംഘർഷം തടയുന്നതും, എല്ലാ

ബന്ദികളെ സുരക്ഷിതമായി മോചിപ്പിക്കുന്നതും സുപ്രധാനമാണെന്ന് പറഞ്ഞു. സമാധാനവും സ്ഥിരതയും പുനഃസ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങളെ പിന്തുണയ്ക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

====================================

**GROUND INCURSION- LEBANON**

ലെബനനിൽ കരയുദ്ധത്തിന് സന്നദ്ധതയുമായി ഇസ്രായേൽ. രണ്ടാഴ്ചയായി തുടരുന്ന തീവ്ര വ്യോമാക്രമണത്തിനു പിന്നാലെയാണ് കരയുദ്ധം നടത്താനുള്ള ഇസ്രായേൽ നീക്കം. അന്താരാഷ്ട്ര തലത്തിൽ ആശങ്ക ഉയർത്തിയ നീക്കത്തിൽ എതിർപ്പ് രേഖപ്പെടുത്തിയ യുഎസ് പ്രസിഡന്റ് ജോ ബൈഡൻ മേഖലയിൽ വെടിനിർത്തലിനും ആഹ്വാനം ചെയ്തു. അതേസമയം, കരയുദ്ധത്തിന് തയ്യാറാണെന്ന് ഹിസ്ബുല്ലയും അറിയിച്ചിരുന്നു. ഇസ്രയേൽ വ്യോമാക്രമണത്തിൽ ഏകദേശം 1000 സാധാരണക്കാർ കൊല്ലപ്പെട്ടതായും പത്തുലക്ഷം പേർ പലായനം ചെയ്തതായും ലെബനീസ് സർക്കാർ അറിയിച്ചു.

====================================

**EC- UKRAINE**

യുക്രെയ്നിന് 50 ബില്യൺ ഡോളർ വായ്പ നൽകുന്നത് സംബന്ധിച്ച് ഈ മാസം അവസാനത്തോടെ രാഷ്ട്രീയ കരാറിലെത്താൻ ജി 7 രാജ്യങ്ങൾ തീരുമാനിച്ചതായി യൂറോപ്യൻ കമ്മീഷൻ. അമേരിക്ക, കാനഡ, ജപ്പാൻ, ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി എന്നിവയാണ് ജി-7 രാജ്യങ്ങൾ. പാശ്ചാത്യ രാജ്യങ്ങളിലെ നിശ്ചലമായ റഷ്യൻ ആസ്തികളിൽ നിന്നുള്ള ലാഭത്തിൽ നിന്നാണ് യുക്രെയ്നിനു വായ്പ നൽകുക. യുക്രൈനിൽ നിലവിലെ സാഹചര്യങ്ങൾ പരിഗണിച്ചാണ് ജി-7 രാജ്യങ്ങളുടെ വായ്പ നൽകാനുള്ള തീരുമാനം.

====================================

**SWACHH BHARAT – (INTRO)**

രാജ്യത്ത് സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമിട്ടുള്ള ബഹുജന പ്രസ്ഥാനങ്ങളിലൊന്നായ സ്വച്ഛ് ഭാരത് മിഷൻ ആരംഭിച്ച് ഗാന്ധിജയന്തിദിനമായ നാളെ 10 വർഷം പൂർത്തിയാകും. രാജ്യവ്യാപകമായി വൻ ജനപങ്കാളിത്തം നേടിയ സംരംഭം ആഗോളതലത്തിലും ശ്രദ്ധേയമായി. സ്വച്ഛ് ഭാരത് മിഷന്റെ പത്താം വാർഷികത്തോട് അനുബന്ധിച്ച് നാളെ ന്യൂഡൽഹിയിൽ നടക്കുന്ന സ്വച്ഛ് ഭാരത് ദിവസ് 2024 പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി 9600 കോടിയിലധികം രൂപയുടെ

ശുചിത്വ പദ്ധതികൾ ഉദ്ഘാടനം ചെയ്യും.

**വിശദാംശങ്ങളിലേക്ക്.....**

**– (VOICE....)**

155-ാമത് ഗാന്ധി ജയന്തി ദിനമായ നാളെ വിജ്ഞാൻ ഭവനിൽ രാവിലെ നടക്കുന്ന പരിപാടിയിൽ നിരവധി സുപ്രധാന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും. അമൃത്, അമൃത് 2.0 എന്നിവയ്ക്ക് കീഴിൽ നഗരങ്ങളിലെ ജല, മലിനജല സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള 6,800 കോടി രൂപയുടെ പദ്ധതികൾ, ഗംഗാ നദീതട പ്രദേശങ്ങളിലെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും മാലിന്യ സംസ്കരണത്തിനും ഊന്നൽ നൽകുന്ന 1550 കോടി രൂപയുടെ 10 പദ്ധതികൾ, ഗോബർദൻ പദ്ധതിക്ക് കീഴിൽ 1332 കോടി രൂപയുടെ 15 കംപ്രസ്ഡ് ബയോഗ്യാസ് പ്ലാൻ്റ് പദ്ധതികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. സ്വച്ഛ് ഭാരത് ദേശീയ ഉദ്യമത്തിൻ്റെ അടുത്ത ഘട്ടത്തിനും പരിപാടിയിൽ തുടക്കമാകും. സമ്പൂർണ സ്വച്ഛത ഉറപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വനിതാ സംഘങ്ങൾ, യുവജന സംഘടനകൾ, സമുദായിക നേതാക്കൾ എന്നിവരുടെ രാജ്യവ്യാപക പങ്കാളിത്തവും ഇതിൽ ഉൾപ്പെടും. 'സ്വഭാവ് സ്വച്ഛത സംസ്കാർ സ്വച്ഛത' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച സ്വച്ഛത ഹി സേവ ക്യാമ്പയിന് കീഴിൽ, ഇതുവരെ 17 കോടിയിലധികം ജനങ്ങളുടെ പൊതു പങ്കാളിത്തത്തോടെ 19.70 ലക്ഷത്തിലധികം പരിപാടികൾ പൂർത്തിയാക്കി. കൂടാതെ, ഏക് പെട് മാ കെ നാം

കാമ്പയിനിന് കീഴിൽ 45 ലക്ഷം വൃക്ഷത്തൈകളും നട്ടുപിടിപ്പിച്ചു.
ന്യൂസ്ഡെസ്ക് ആകാശവാണി....

=====================================

**SWACHCHTA - GEORGE KURIEN**

സ്വച്ഛതാ ഹി സേവ കാമ്പയിന്റെ ഭാഗമായി കേന്ദ്ര യുവജനകാര്യ മന്ത്രാലയത്തിനു കീഴിലുള്ള നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ നാളെ തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ ശുചീകരണ യജ്ഞം സംഘടിപ്പിക്കും. രാവിലെ 9 മണിക്ക് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും. കേരളത്തിലെ 9 ജില്ലകളിലും തീരപ്രദേശങ്ങളിലും മാഹി, ലക്ഷ്ദ്വീപ് കടൽ തീരപ്രദേശങ്ങളിലും മൈ ഭാരത് വളണ്ടിയർമാർ ശുചീകരണ പ്രവർത്തങ്ങളും ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കും. സെപ്റ്റംബർ 17 ന് തുടങ്ങി ഒക്ടോബർ രണ്ടിന് സമാപിക്കുന്ന ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം നെഹ്റു യുവ കേന്ദ്ര യുടെ ആഭിമുഖ്യത്തിൽ വിപുലമായ ശുചീകരണ പരിപാടികളാണ് സംഘടിപ്പിച്ചത്.

=====================================

**HEALTH- DRAFT GUIDELINES**

അതീവ ഗുരുതരാവസ്ഥയിൽ കഴിയുന്ന രോഗികളുടെ ജീവൻ രക്ഷാ സംവിധാനങ്ങൾ ഒഴിവാക്കുന്നതിന്റെ കരട് മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര ആരോഗ്യ മന്ത്രാലയം പുറത്തുവിട്ടു. ജീവിതത്തിലേക്ക് തിരിച്ച് കൊണ്ടുവരാൻ കഴിയാത്തതും ചികിത്സിച്ച് ഭേദമാക്കാൻ പറ്റാത്തതും, മരണം അനിവാര്യവുമായ സ്ഥിതിയുമാണ് അതീവ ഗുരുതരാവസ്ഥയെന്ന നിർവചനം കൊണ്ട് ഉദ്ദേശിക്കുന്നത്. 72 മണിക്കൂറിന് ശേഷവും പുരോഗതിയില്ലാത്ത ഗുരുതര മസ്തിഷ്ക പരിക്കുകൾ ഈ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രോഗിയുടെ മസ്തിഷ്ക മരണം, ചികിത്സ കൊണ്ട് പ്രയോജനം ലഭിക്കാത്ത അവസ്ഥ, രോഗിയുടെ ബന്ധുക്കളിൽ നിന്നുള്ള രേഖമൂലമുള്ള വിസമ്മതം എന്നിവയിൽ

ഉൾപ്പെടെ ഡോക്ടർമാർക്ക് തീരുമാനമെടുക്കാമെന്ന് മാർഗ നിർദേശത്തിൽ പറയുന്നു. പൊതുജനാഭിപ്രായങ്ങൾക്കായി പുറത്തിറക്കിയ കരട് മാർഗ്ഗനിർദ്ദേശങ്ങളിൽ, തീവ്രപരിചരണ വിഭാഗങ്ങളിലെ പല രോഗികളുടേയും അവസ്ഥ ഗുരുതരമാണെന്നും ജീവൻ നിലനിർത്താനുള്ള ചികിത്സകളിൽ നിന്ന് നേട്ടം പ്രതീക്ഷിക്കുന്നില്ലെന്നും മന്ത്രാലയം വ്യക്തമാക്കി.

==================================

**JAMAICAN – PM VISIT**

നാല് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ജമൈക്കൻ പ്രധാനമന്ത്രി ഡോ.ആൻഡ്രൂ ഹോൾനസുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഡൽഹിയിൽ പ്രതിനിധിതല ചർച്ച നടത്തും. ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിന് ഇരു രാജ്യങ്ങളും തമ്മിൽ ധാരണാപത്രങ്ങളും കരാറുകളും ഒപ്പുവെക്കുമെന്ന് പ്രതീക്ഷിക്കുന്നു.

==================================

**CAPACITOR KANNUR**

ഇന്ത്യയിലെ ആദ്യത്തെ സൂപ്പർകപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രത്തിന്റെ ഒന്നാം ഘട്ട ഉദ്ഘാടനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂർ കല്ല്യാശ്ശേരിയിൽ നിർവഹിക്കും. പുതിയ പ്ലാന്റിൽ നിന്ന് ലോകനിലവാരത്തിലുള്ള സൂപ്പർ കപ്പാസിറ്ററുകൾ തദ്ദേശീയമായി നിർമ്മിച്ച് ഇന്ത്യൻ പ്രതിരോധമേഖലയ്ക്കും ഇലക്ട്രിക് വാഹനങ്ങൾക്കും ബഹിരാകാശ ദൗത്യങ്ങൾക്കുമുൾപ്പെടെ വിതരണം ചെയ്യാൻ സാധിക്കും. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെയാണ് കേന്ദ്രം സജ്ജമാക്കിയത്.

==================================

**INTERNATIONAL DAY OF OLDER PERSONS**

ഇന്ന് അന്താരാഷ്ട്ര വയോജന ദിനം. ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും വയോസേവന അവാർഡ് ദാനവും തിരൂരിൽ മന്ത്രി ആർ ബിന്ദു, ഉദ്ഘാടനം ചെയ്യും. **അന്തസ്സോടെ വാർദ്ധക്യത്തിലേക്ക്** എന്നതാണ് ഈ വർഷത്തെ പ്രമേയം. വയോജന ദിനത്തോട് അനുബന്ധിച്ച് രാജ്യത്തുടനീളം നിരവധി പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

====================================

**RAIN KERALA**

കേരളത്തിൽ വ്യാഴാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കനത്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് പത്തനംതിട്ട, എറണാകുളം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മത്സ്യത്തൊഴിലാളിലാളികൾക്ക് ഇന്ന് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

====================================

**CENTRE- FUND STATES**

പ്രളയബാധിത സംസ്ഥാനങ്ങളായ ഗുജറാത്ത്, മണിപ്പൂർ, ത്രിപുര എന്നീ സംസ്ഥാനങ്ങൾക്ക് ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 675 കോടി രൂപ നൽകാൻ കേന്ദ്ര അനുമതി. ഗുജറാത്തിന് 600 കോടി രൂപ, മണിപ്പൂരിന് 50 കോടി, ത്രിപുരയ്ക്ക് 25 കോടി രൂപ എന്നിങ്ങനെയാണ് ലഭിക്കുക. പ്രളയബാധിത സംസ്ഥാനങ്ങൾക്ക് സാധ്യമായ എല്ലാ സഹായവും നൽകാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു. വെള്ളപ്പൊക്കവും മണ്ണിടിച്ചിലും സാരമായി ബാധിച്ച അസം, മിസോറാം, കേരളം, ത്രിപുര, നാഗാലാൻഡ്, ഗുജറാത്ത്, ആന്ധ്രാപ്രദേശ്, തെലങ്കാന, മണിപ്പൂർ എന്നീ സംസ്ഥാനങ്ങൾക്കുള്ള അധിക ധനസഹായം കേന്ദ്രസംഘത്തിന്റെ റിപ്പോർട്ട് ലഭിച്ചതിന് ശേഷം തീരുമാനിക്കുമെന്നും മന്ത്രാലയം വ്യക്തമാക്കി.

ബിഹാർ, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലെ നാശനഷ്ടങ്ങൾ നേരിട്ട് വിലയിരുത്തുന്നതിനായി കേന്ദ്രമന്ത്രിമാരടങ്ങിയ സംഘത്തെ ഉടൻ നിയോഗിക്കുമെന്നും ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

==================================

**SAFF**

ഭൂട്ടാനിലെ തിംഫുവിൽ നടന്ന സാഫ് അണ്ടർ 17 ചാമ്പ്യൻഷിപ്പ് ഫൈനലിൽ ബംഗ്ലാദേശിനെ തോൽപ്പിച്ച് ഇന്ത്യ കിരീടം സ്വന്തമാക്കി. എതിരില്ലാത്ത രണ്ട് ഗോളുകൾക്കാണ് ഇന്ത്യൻ സംഘം ബംഗ്ലാദേശിനെ പരാജയപ്പെടുത്തിയത്.

==================================

**CRICKET - TEST DAY 5**

ഇന്ത്യ- ബംഗ്ലാദേശ് കാൺപൂർ ടെസ്റ്റിന്റെ അവസാന ദിവസമായ ഇന്ന് ബംഗ്ലാദേശ് രണ്ട് വിക്കറ്റ് നഷ്ടത്തിൽ 26 റൺ എന്ന നിലയിൽ രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കും. ടെസ്റ്റ് ക്രിക്കറ്റ് ചരിത്രത്തിൽ ഏറ്റവും വേഗത്തിൽ 100 റൺ നേടുന്ന ടീമെന്ന റെക്കോർഡ് നേട്ടം കാൺപ്പൂർ ടെസ്റ്റിൽ ഇന്ത്യ സ്വന്തമാക്കി. ബംഗ്ലാദേശിന്റെ ഒന്നാം ഇന്നിംഗ്സ് സ്കോറായ 233 റണ്ണിന് മറുപടിയായി 10.1 ഓവറിൽ 100 റൺ നേടിയാണ് ഇന്ത്യൻ ടീം ചരിത്രം കുറിച്ചത്. ഇന്നലെ കളി നിർത്തുമ്പോൾ നേരത്തെ ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് 9 വിക്കറ്റിന് 285 റൺ എന്ന നിലയിൽ ഡിക്ലയർ ചെയ്തിരുന്നു.

==================================

==================================

==================================